**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4688** — **29-06-2012 - ലെ മറുപടിയ്ക്ക്**

**കിലോയ്ക്ക് 10 രൂപ നിരക്കിൽ തറവില നിശ്ചയിച്ച് നാളികേരം സംഭരിക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ നാളികേര കർഷകരുടെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നാളികേരത്തിന് നിലവിൽ സംഭരണ വിലയായി ലഭിക്കുന്നത് 2.50 രൂപയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) പ്രസ്തുത സാഹചര്യത്തിൽ കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്നതിനായി നാഫെഡ്, കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളുടെ സഹകരണത്തോടെ ക്രിയാത്മകമായി ഈ പ്രശ്നം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ; | (എ) & (ബി) | കേരളത്തിലെ വിപണിയിൽ നാളികേരത്തിനുണ്ടായ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം നാഫെഡിന്റെ സംസ്ഥാനതല ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേന നാളികേരം ഉണക്കി കൊപ്രയാക്കുന്നതിന് ഡ്രയർ സംവിധാനങ്ങളുള്ള സൊസൈറ്റികളിലൂടെ പൊതിച്ച നാളികേരം കിലോയ്ക്ക് 14 രൂപ നിരക്കിൽ സംഭരണം നടത്തി വരുന്നുണ്ട്. |
| (സി) കിലോയ്ക്ക് 10 രൂപ നിരക്കിൽ തറവില നിശ്ചയിച്ച് നാളികേരം സംഭരിയ്ക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | പൊതിച്ച നാളികേരം കിലോയ്ക്ക് 14 രൂപ നിരക്കിൽ ഇപ്പോൾ സംഭരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ